**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5018** **11-08-2021 - ൽ മറുപടിയ്ക്ക്**

**അങ്കണവാടി ജീവനക്കാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ ഏതൊക്കെ അങ്കണവാടികളിൽ ജീവനക്കാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | ഗുരുവായൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ചാവക്കാട് മുനിസിപ്പാലിറ്റി, പുന്നയൂർ, പുന്നയൂർക്കുളം, വടക്കേക്കാട് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലും ചാവക്കാട് അഡീഷണൽ ഐ സി ഡി എസ് പ്രൊജക്റ്റിലെ ഗുരുവായൂർ മുനിസിപ്പാലിറ്റി, ഒരുമനയൂർ പഞ്ചായത്ത്, കടപ്പുറം പഞ്ചായത്ത് എന്നിവിടങ്ങളിലും തളിക്കുളം ഐ സി ഡി എസ് പ്രൊജക്റ്റിലെ എങ്ങണ്ടിയൂർ പഞ്ചായത്തിലും അംഗൻവാടി വർക്കർ/ഹെൽപ്പർ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | ക്ഷണിച്ച അപേക്ഷകളിൻമേൽ ഇന്റർവ്യൂ, നിയമനം എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഗുരുവായൂർ നിയോജക മണ്ഡലത്തിലെ ചാവക്കാട് മുനിസിപ്പാലിറ്റിയിൽ ഹെൽപ്പർ തസ്തികയിൽ സെലക്ഷൻ നടപടികൾ പൂർത്തിയായിട്ടുള്ളതും നിയമനം നടത്തിയിട്ടുമുള്ളതാണ്. സെലക്ഷൻ കമ്മിറ്റിയിലേക്ക് 5 സാമൂഹ്യ പ്രവർത്തകരെ നോമിനേറ്റ് ചെയ്ത് പഞ്ചായത്തിൽ നിന്നും ലഭിക്കാത്തതു കാരണം സെലക്ഷൻ കമ്മിറ്റി സമയബന്ധിതമായി രൂപീകരിക്കാൻ ശിശുവികസന പദ്ധതി ഓഫീസർമാർക്ക് കഴിയാത്ത സാഹചര്യമാണ് സെലക്ഷൻ നടപടികൾ നീണ്ടു പോകുവാൻ കാരണമായിട്ടുള്ളത്. നിലവിൽ, WP(C) No. 24893/2018മേൽ 26/11/2019ൽ പുറപ്പെടുവിച്ച വിധിന്യായ പ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരണവും നടപടികളും ബഹു. കേരള ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ട്. |
| (സി) | അങ്കണവാടികളിൽ ജീവനക്കാരെ അടിയന്തരമായി നിയമിക്കേണ്ടതിനാൽ ഇത് സംബന്ധിച്ചുള്ള തടസ്സം ഒഴിവാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | അതിയന്നൂർ ഐ സി ഡി എസ് പ്രൊജക്റ്റിലുൾപ്പെട്ട നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ അംഗൻവാടി സെലക്ഷൻ ലിസ്റ്റിനെതിരെ ആക്ഷേപമുന്നയിച്ച് ശ്രീമതി. മോനിഷ എം. എസും കൂട്ടരും ഫയൽ ചെയ്ത WP(C) No. 24893/2018മേൽ 26/11/2019-ന് ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായമനുസരിച്ച് നെയ്യാറ്റിൻകര |

| | | | |
|---|---|---|---|
| | | | മുനിസിപ്പാലിറ്റിയിലെ സെലക്ഷൻ ലിസ്റ്റ് റദ്ദാക്കുകയും മറ്റിടങ്ങളിൽ 26/11/2019 ന് മുൻപ് പുതിയ സെലക്ഷൻ കമ്മിറ്റി രൂപീകരണമുൾപ്പെടെയുള്ള നടപടി പൂർത്തിയായിട്ടുണ്ടെങ്കിൽ മാത്രം ആയത് നിലനിൽക്കുന്നതാണ് എന്നും അല്ലാത്തപക്ഷം പുതിയ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലേ പുതിയ സെലക്ഷൻ നടപടികൾ സ്വീകരിക്കാവൂ എന്നും ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായത്തിനെതിരെ സർക്കാർ 30/09/2020ൽ WA No. 730/2020 നമ്പറായി റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത റിട്ട് അപ്പീലിൽ അന്തിമ വിധി വരുന്ന മുറയ്ക്ക് മാത്രമേ സെലക്ഷൻ നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.അംഗൻവാടി നിയമനങ്ങളിൽ കൂടുതൽ സുതാര്യതയും അക്കൗണ്ടബിലിറ്റിയും വേഗതയും ഉറപ്പാക്കുന്നതിന് പ്രസ്തുത ജീവനക്കാരുടെ നിയമന സേവന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതു സംബന്ധിച്ചുള്ള വിഷയം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ